(ഇ) ആശുപത്രികളിൽ ഉണ്ടാകുന്ന ഖരമാലിന്യത്തിൽ 20 ശതമാനത്തോളം മാത്രമേ ബയോ-മെഡിക്കൽ മാലിന്യമുള്ളൂ. അതിന്റേയും ഏകദേശം 25 ശതമാനം വരുന്ന മാലിന്യമാണ് ഇൻസിനറേറ്റ് ചെയ്യാനോ കുഴിച്ചുമൂടൽ നടത്താനോ ബയോ-മെഡിക്കൽ വേസ്റ്റ് റൂളിൽ അനുശാസിക്കുന്നത്. 5 ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള പട്ടണങ്ങളിൽ കുഴിച്ചുമൂടൽ അനുവദനീയമാണ്. ഓരോ ആശുപത്രികളിലും ഇൻസിനറേറ്ററുകളും അനുബന്ധ വായുമലിനീകരണ നിയന്ത്രണ സംവിധാനങ്ങളും സ്ഥാപിക്കുന്നത് ചെലവേറിയതാണ്. പൊതു സംസ്കരണ സംവിധാനത്തിലെ ഇൻസിനറേറ്റർ കഴിയുന്നത്ര പ്രയോജനപ്പെടുത്തുകയാണ് അഭികാമ്യം. ഇതുതന്നെയാണ് ദേശീയ തലത്തിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശവും.

മാലിന്യങ്ങൾക്ക് കാരണമാകുന്ന വ്യവസായ സ്ഥാപനങ്ങൾ

172 [2565] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. സി. പി. മുഹമ്മദ്:
" എ. സുജനപാൽ:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യങ്ങളുണ്ടാകുന്നതിന് കാരണമായ എത്ര വ്യവസായങ്ങളാണ് സംസ്ഥാനത്തുള്ളത്;

(ബി) തിരുവാങ്കുളം നേച്ചറൽ ലൗവേഴ്സ് മൂവ്മെന്റ് നൽകിയ പൊതു താൽപര്യ ഹർജിയിൽ മലിനീകരണങ്ങൾ ഉണ്ടാക്കുന്ന വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ ഗവൺമെന്റ് നടപടിയെടുക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടുണ്ടോ;

(സി) എങ്കിൽ അതനുസരിച്ച് എന്ത് നടപടി എടുത്തുവെന്ന് വ്യക്തമാക്കാമോ;

(ഡി) മലിനീകരണ നിയന്ത്രണ ബോർഡിന്റെ അപര്യാപ്തതകൾക്ക് പരിഹാരം കാണുന്നതിനായി എന്തെല്ലാം നടപടിയെടുത്തുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ജലമലിനീകരണമോ, വായുമലിനീകരണമോ കാര്യമായി സാദ്ധ്യതയുള്ളതായ ഏകദേശം 5000 വ്യവസായങ്ങളെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കണ്ടെത്തിയിട്ടുണ്ട്.

(ബി) മലിനീകരണം ഉണ്ടാക്കുന്ന വ്യവസായങ്ങളെ ബന്ധപ്പെട്ട നിയമത്തിന്റെ പരിധിയിൽ നിയന്ത്രിച്ചു നിർത്താൻ ആവശ്യമായ അധിക മാനവശേഷി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് നൽകണമെന്നാണ് 10-2-2004-ലെ ഹൈക്കോടതി വിധിയുടെ ചുരുക്കം.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിധിയുടെ അടിസ്ഥാനത്തിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടി എടുത്തുവരുന്നു.

(ഡി) ബോർഡിന്റെ ലാബറട്ടറികളിലെ പരിശോധനാ സംവിധാനങ്ങൾ കേന്ദ്രപരിസ്ഥിതി-വന മന്ത്രാലയത്തിന്റെ രണ്ടര കോടി രൂപ സാമ്പത്തിക സഹായത്തോടെ വിപുലീകരിക്കുകയും ചെയ്തുവരുന്നു. ബോർഡിലെ മാനവശേഷി വിപുലീകരണം, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ബോർഡിന്റെ ജില്ലാ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കൽ, ബോർഡിന്റെ ഒഴിവ് വരുന്ന പ്രാരംഭ തസ്തികകളിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷനെക്കൊണ്ട് റിക്രൂട്ട്മെന്റ് നടത്തിക്കുന്നത് തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാന സർക്കാർ നടപടി കൈക്കൊണ്ടുവരുന്നു.

ഗവൺമെന്റ് ഹോമിയോ ആശുപത്രികൾ

173 [2666] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

„ വർക്കല കഹാർ:

„ ടി. യു. രാധാകൃഷ്ണൻ:

„ ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ ഹോമിയോ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആശുപത്രികളുടെ സേവനം പ്രതിവർഷം എത്ര പേർക്ക് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇവ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 31 എണ്ണം.

(ബി) ഈ ആശുപത്രികൾ വഴി 2003-04-ൽ 21,980 ഐ.പി. രോഗികൾക്കും 25,95,172 ഒ.പി. രോഗികൾക്കും (ആവർത്തന കേസ് ഉൾപ്പെടെ) ചികിൽസ നൽകിയിട്ടുണ്ട്. കൂടാതെ പ്രതിരോധമരുന്ന് വിതരണവും നടത്തുന്നുണ്ട്. ഇവ നിർത്തലാക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടി

174 [2667] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ ഡിസ്പെൻസറി ഇല്ലാത്ത എത്ര പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഹോമിയോ ഡിസ്പെൻസറിയില്ലാത്ത പഞ്ചായത്തുകളിൽ ഇതാരംഭിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly